IJRAR.ORG E-ISSN: 2348-1269, P-ISSN: 2349-5138
INTERNATIONAL JOURNAL OF RESEARCH AND ANALYTICAL REVIEWS (IJRAR) | IJRAR.ORG
An International Open Access, Peer-reviewed, Refereed Journal

# ചിഹ്നശാസ്ത്രം: 'പന്തുകായ്ക്കും കുന്നി'നെ അടിസ്ഥാനമാക്കി ഒരു അപഗ്രഥനം

**Dr Patricia John**
Associate professor
Fatima Mata National College, Kollam, Kerala-State Pin-691001

**സംഗ്രഹം**

കവികള് സമൂഹത്തിനു നല്കുന്ന മാര്ഗ്ഗദര്ശനമാണ് പരിസ്ഥിതിക്കവിതകള്. പ്രകൃതിചൂഷണം നല്കുന്ന അരക്ഷിതാവസ്ഥയ്ക്കും മൂല്യച്യുതിക്കും എതിരായ സന്ദേശവും അതിലുണ്ടാകും. മോഹനകൃഷ്ണന് കാലടിയുടെ കവിതകളെല്ലാം തന്നെ അത്തരം ദര്ശനങ്ങളുടെ ചിഹ്നവ്യവസ്ഥയാല് നിര്മ്മിക്കപ്പെട്ടതാണ്.

**താക്കോല് വാക്കുകള് -**

ചിഹ്നശാസ്ത്രം - Semiotics
ചിഹ്നവിജ്ഞാനീയം - Semiology
സൂചകം -Signifier
സൂചിതം - Signified

ജീവിതത്തെ സംബന്ധിച്ച സങ്കല്പങ്ങളും വീക്ഷണങ്ങളും മനുഷ്യര് ക്കെല്ലാമുണ്ട്. ജീവിതസംബന്ധിയായ കാഴ്ചപ്പാടുകളില് ഓരോ മനുഷ്യരും തികച്ചും വ്യത്യസ്തരാണ്. ഈ സങ്കല്പങ്ങളുടെയും യാഥാര്ത്ഥ്യങ്ങളുടെയും ആകെത്തുകയാണ് സാഹിത്യാദി കലകള്. വ്യക്തിയും സമൂഹവും തമ്മിലും സമൂഹവും ലോകവും തമ്മിലും ഉള്ള ആരോഗ്യപരമായ ബന്ധമാണ് ജീവിതത്തെ സുന്ദരമാക്കുന്നതെന്നും അതാണ് നല്ല കലയുടെ സൃഷ്ടിയ്ക്ക് പ്രേരകമായി വര്ത്തിക്കുന്നതെന്നും സാഹിത്യാദികലകള് തെളിയിക്കുന്നു. സമൂഹത്തിന്റെ ചലനാത്മകത തിരിച്ചറിഞ്ഞ് ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകള് അവതരിപ്പിക്കു വാനാണ് ഓരോ എഴുത്തുകാരും ശ്രമിക്കുന്നത്. പ്രത്യേകിച്ച്, കവികള്. ഉത്തരാധുനിക മെന്നും ആധുനികോത്തരമെന്നും വിളിക്കുന്ന നവകവിതകള് ജീവിത സംബന്ധിയായ പതിവു സങ്കല്പങ്ങളെ ഉടച്ചുവാര്ക്കുന്നവയാണ് സാമൂഹ്യവും സാംസ്കാരികവുമായ അപചയ ങ്ങളെയും മൂല്യശോഷണത്തെയും പൊളിച്ചു കാട്ടാനും വിമര്ശി ക്കാനും ഉത്തരാധുനിക കവികള്ക്ക് മടിയില്ല. ജീവിതമെന്നാല് എങ്ങനെയെങ്കിലും ജീവിച്ചു തീര്ക്കേണ്ട

ഒന്നല്ലെന്നും നീക്കുപോക്കുകളിലൂടെയും സന്ധിവ്യവസ്ഥകളിലൂടെയും ഒത്തുതീർപ്പിലൂടെയും നയിക്കേണ്ട ഒന്നല്ലെന്നും ഉത്തരാധുനികകവികള് തെളിയിക്കുന്നു. എസ് ജോസഫ്, വീരാന്കുട്ടി, റഫീക്ക് അഹമ്മദ്, എം ആര് രേണുകുമാര് എന്നിവരുടെ കവിതകള് പരിശാധിച്ചാല് അക്കാര്യം ബോധ്യമാകും.

ഭാഷ, ഭാഷണം, ചിഹ്നം, ഘടന, ഘടനാവാദം, ഏകകാലിക -ബഹുകാലിക സമീപനം, സംയോജനാത്മകതലം, സദൃശാത്മകതലം, ഘടനാവാദം, അപനിർമ്മാണം തുടങ്ങിയ സംപ്രത്യയങ്ങള് ഉത്തരാധുനിക പഠനങ്ങളുടെ അന്വേഷണ മേഖലകളില് പ്രധാനപ്പെട്ടവയാണ്. സാഹിത്യാദി കലകള് ഭാഷാകേന്ദ്രമായി പഠിക്കാമെന്ന് കണ്ടെത്തിയതോടെ അപഗ്രഥന -പഠനരീതികളില് പുത്തനുണർവുണ്ടായി. ഒട്ടനവധി അർത്ഥതലങ്ങളെ ഉത്പാദിപ്പിക്കാന് ചിഹ്നങ്ങള് (Signs) ക്കാവുമെന്ന വീക്ഷണം അതിന് അടിത്തറ പാകി. ഇത് കലാസാഹിത്യ പഠനരംഗങ്ങളില് വലിയ പരിവർത്തനങ്ങള് സൃഷ്ടിച്ചു. ചിഹ്നശാസ്ത്രം (Semiotics), ചിഹ്നവിജ്ഞാനീയം (Semiology)എന്നെല്ലാം വ്യവഹരിക്കപ്പെടുന്ന പഠനമേഖല പൊതുവേ ചിഹ്നപഠനങ്ങള് (Study of Signs) എന്നാണ് അറിയപ്പെടുന്നത്. ഭാഷാ സാഹിത്യ ഗവേഷണപഠനരംഗങ്ങളില് അഭൂതപൂർവ്വ മായ പരിവർത്തനങ്ങള് സൃഷ്ടിക്കാന് ഈ പഠന മേഖലയ്ക്ക് കഴിഞ്ഞു. സാഹിത്യ നിരൂപണത്തില് മാത്രമല്ല കലാസാംസ്കാരിക പഠനമേഖലകളിലെല്ലാം തന്നെ പ്രസക്തി യുള്ള ഒന്നായി ചിഹ്നപഠനങ്ങള് പരിണമിച്ചു. വാചികവും വാചികേതരവുമായ ചിഹ്നങ്ങളെ വിശകലനം ചെയ്യാനും അപഗ്രഥിക്കാനും അവയുടെ അർത്ഥ പ്രതീതി തിരിച്ചറിഞ്ഞ് പുതിയൊരു വായനാസംസ്കാരം പടുത്തുയർത്താനും ചിഹ്നപഠനങ്ങള്ക്ക് കഴിഞ്ഞു.

ചിഹ്നപഠനങ്ങള്ക്ക് സൈദ്ധാന്തിക അടിത്തറയിട്ടത് ഭാഷാശാസ്ത്രജ്ഞനും പണ്ഡിതനുമായ ഫെർഡിനാന്ഡ് ഡി സൊസ്യൂറാണ്. അദ്ദേഹത്തിന്റെ ചിഹ്നപഠന ങ്ങള് സെമിയോളജി (Semiology) എന്നാണ് അറിയ പ്പെടുന്നത് കോഴ്സ് ഇന് ജനറല് ലിംഗ്വിസ്റ്റിക്സ് എന്ന കൃതി ചിഹ്ന പഠനങ്ങളുടെ അനിവാര്യതയെ അടിവരയിട്ടുപറയുന്നു. 'സമൂഹത്തില് ചിഹ്നങ്ങളുടെ പ്രവർത്തനമെന്തെന്ന് അന്വേഷിക്കുന്ന ഒരു ശാസ്ത്ര ശാഖയെപ്പറ്റി സങ്കല്പിക്കാവുന്നതാണ്. അതാകട്ടെ സാമൂഹിക മന:ശാസ്ത്രത്തിന്റെയും പൊതു മന:ശാസ്ത്രത്തിന്റെയും ഭാഗമാണ്. അതിനെ ഞാന് സെമിയോളജി എന്നു വിളിക്കും' (A Science that studies the life of signs within Society is conceivable; it would be a part of Social Psychology and Consequently of general Psychology. I Shall Call it semiology) ചാള്സ് സാന്റേഴ്സ് പിയേഴ്സി ചിഹ്നപഠനങ്ങളില് ശ്രദ്ധ ചെലുത്തിയ മറ്റൊരു പണ്ഡിതനാണ് അദ്ദേഹത്തിന്റെ ചിഹ്നപഠനങ്ങള് സെമിയോട്ടിക്സ് (Semiotics) എന്നാണ് അറിയപ്പെടുന്നത്. പിയേഴ്സിന്റെ കാഴ്ചപ്പാടനുസരിച്ച് അർത്ഥോല്പാ ദനപ്രക്രിയ (Semiosis) യാണ് ചിഹ്നശാസ്ത്ര (Semiotics) ത്തിന്റെ പഠനവിഷയം. ഉമ്പർട്ടോഎക്കോ, റോമന് ജാക്കോബ്സണ്, റൊളാങ്ബാർത്ത് തുടങ്ങിയവരും ചിഹ്നപഠനങ്ങള്ക്ക് സംഭാവനകള് നല്കിയവരാണ്

ചിഹ്നവ്യവസ്ഥ (Signifying system) യെ സംബന്ധിച്ച സൊസ്യൂറിയന് സങ്കല്പ്പത്തിന്റെ അടിസ്ഥാനശില ഭാഷ (Language)യാണ്. സാര്വലൗകികത യാലും സങ്കീര്ണ്ണതയാലും പ്രഥമപരിഗണനയര്ഹിക്കുന്നത് ഭാഷയാണ്. അതിനാലാകാം ചിഹ്ന വ്യവസ്ഥയില് സൊസ്യൂര് ഭാഷയ്ക്ക് പരമപ്രാധാന്യം നല്കിയത്.

ഭാഷയ്ക്കു മേലുള്ള അവകാശം എപ്പോഴും സമൂഹത്തിനായിരിക്കും. സമൂഹത്തില് രൂഢമൂലമായിത്തീര്ന്ന ഭാഷയെ നിര്മിക്കുവാനോ നശിപ്പിക്കുവാനോ സാധ്യമല്ല . ലാംഗ്വേ (Langue), പരോള് (Parole) എന്നീ ദ്വന്ദ്വങ്ങളിലൂടെയാണ് അദ്ദേഹം ഭാഷയെ കാണുന്നത്. സാമാന്യവ്യാകരണ നിയമങ്ങള് കൊണ്ടും സങ്കേതബദ്ധത കൊണ്ടും നിര്മ്മിതമാണ് ലാംഗ്വേ. ഇത് ഒരു ജനതയുടെതായ പ്രത്യേക ഭാഷയാണ് . മലയാളം, ഉദാഹരണം. 'ലാംഗ്വേയില് നിന്നുരുത്തിരിയുന്നതും വ്യക്തികള് കൈകാര്യം ചെയ്യുമ്പോള് വ്യത്യാസപ്പെടുന്നതുമായ ഭാഷയാണ് പരോള്. ഒരു വ്യക്തിയുടെ സംസാരഭാഷയും എഴുത്തു ഭാഷയും മറ്റൊരാളുടേതില് നിന്നും തികച്ചും വ്യത്യാസപ്പെട്ടിരിക്കും. ഇത്തരം വ്യത്യാസങ്ങളാണ് പരോളിനെ ശ്രദ്ധേയമാക്കുന്നത്'[2] (Language refers to the system of rules and Conventions which is independent of Pre-exists. Individual users; Parole refers to its use in particular Instances) അര്ത്ഥമൂല്യങ്ങളുടെ അനിയതത്വം കൂടുതല് ഉള്ളവയാണ് പരോളുകള്. ഉദാഹരണം എ അയ്യപ്പന്റെ കവിത. ഇതര കവികളുടേതില് നിന്നും തീര്ത്തും ഭിന്നമാണ്, എ അയ്യപ്പന്റെ കാവ്യഭാഷയും ശൈലിയും എഴുത്തുരീതിയും എല്ലാം. കറുത്തജീവിതത്തിന്റെ കവിതകള്, ജീവിത നിരാസത്തിന്റെയും മോഹഭംഗങ്ങളുടെയും കവിതകള് എന്നീ വിശേഷണങ്ങള് അയ്യപ്പന്റെ കവിതകള്ക്ക് ലഭിച്ചത് അങ്ങനെയാണ്, മലയാളഭാഷയിലാണ് അയ്യപ്പപ്പണിക്കരും എ അയ്യപ്പനും ബാലചന്ദ്രന് ചുള്ളിക്കാടും മോഹനകൃഷ്ണന് കാലടിയും എസ് ജോസഫുമെല്ലാം കവിത എഴുതുന്നത്. എന്നാല് ഇതര മലയാളകവികളില് നിന്ന് അയ്യപ്പനെ വേറിട്ടു നിര്ത്തുന്ന ചില പ്രത്യേക ഘടകങ്ങള് ഉണ്ട്. ഭാഷാപ്രയോഗ വൈഭവത്തിലായാലും ഉപയോഗിക്കുന്ന കാവ്യ ബിംബങ്ങളിലായാലും അവയെ പ്രയോഗിക്കുന്ന രീതിയിലായാലും ശൈലിയിലാ യാലും അയ്യപ്പനുമാത്രം കഴിയുന്ന, എന്നാല് മറ്റാര്ക്കും എഴുതാനോ അനുകരി ക്കാനോ ആവാത്ത ഒരു തനതുതലമുണ്ട്. ഇതാണ് വ്യക്തിഭാഷയുടെ പ്രത്യേകത. അതുതന്നെ യാണ് പരോള്.

**ചിഹ്നം** (Sign)

മനുഷ്യനിര്മ്മിതവും വ്യവസ്ഥാപിതമായിട്ടുള്ളതെന്തും ഒരു ചിഹ്നമാണ്. സൂചക സൂചിതങ്ങള് (Signifier & signified) ചേര്ന്ന വ്യവസ്ഥയാണ് ഒരു ചിഹ്നത്തെ അര്ത്ഥവത്താക്കുന്നത്. സൂചകം എന്നാല് ശബ്ദബിംബവും സുചിതം എന്നാല് അര്ത്ഥ ബിംബവുമാണ്. 'സൂചകവും (Siginifier), സൂചിതവും (Siginified) കൂടിക്കലര്ന്ന ഒരു വ്യവസ്ഥയാണ് ചിഹ്നത്തിന് അര്ത്ഥത്തെ നല്കുന്നത്'[3] (The Sign is the whole that results from the associating of the Signifer and signified) എന്നാണ് സൊസ്യൂറിന്റെ അഭിപ്രായം. സൂചനകളിലേക്ക് നമ്മെ നയിക്കുന്ന ഏതൊരു അടയാളവും ചിഹ്നമാണ്. പിയേഴ്സിന്റെ അഭിപ്രായമനുസരിച്ച് ഒരു സംഗതിക്കു പകരമായി നാം മനസ്സിലാക്കുന്ന ഏതൊരു അടയാളവും ചിഹ്നമാണ്'[4] (A sign is a representamen, is

something which stands to some body for something in some respect or Capacity) ഈ ചിഹ്നങ്ങള് ഒരു വ്യവസ്ഥയുടെ ഭാഗമായിരിക്കുമ്പോള് മാത്രമാണ് അര്ത്ഥത്തെ ഉല്പാദിക്കുന്നത് .

ഉദാഹരണം : കടുവ
ചിഹ്നം (ശെഴി) : കടുവ
അതിന്റെ
സൂചകം : ക്+ അ+ ട് + ഉ + വ് + അ = കടുവ
എന്ന ശബ്ദബിംബം

സൂചിതം : കടുവ എന്ന ശബ്ദം കേള്ക്കുമ്പോള് ആ ശബ്ദബിംബത്തോടനുബന്ധിച്ച് മനസ്സിലുണ്ടാകുന്ന ജന്തുവര്ഗ്ഗത്തില്പ്പെട്ട വന്യജീവിയുടെ രൂപം .

ഒരു നാണയത്തിന്റെ രണ്ട് പുറങ്ങള് പോലെയോ ഒരു കടലാസിന്റെ രണ്ടു പുറങ്ങള് പോലെയോ ആയിരിക്കും സൂചക സൂചിതങ്ങള് അവയെ പരസ്പ്പരം വേര്പെടുത്താന് കഴിയില്ല. അതായത്, ഒരു ചിഹ്നത്തിന്റെ ശബ്ദത്തെയും അര്ത്ഥത്തെയും തമ്മില് വേര്പെടുത്താന് കഴിയില്ലെന്ന് ചുരുക്കം . ഇവിടെനിന്നും വ്യക്തമാകുന്ന മറ്റൊരു സംഗതി ഒരു ഭാഷാചിഹ്നത്തില് ഏതെങ്കിലും ഒരു വസ്തുവോ അതിന്റെ പേരോ അല്ല ഉള്ളത് മറിച്ച് ഒരു ശബ്ദബിംബവും അതിന്റെ അര്ത്ഥബിംബവുമാണ് ഉള്പ്പെട്ടിരിക്കുന്നത് എന്നതാണ് .

ചിഹ്നങ്ങള് ഏതെങ്കിലും ഒരു വ്യവസ്ഥയുടെ ഭാഗമായിരുന്നാല് മാത്രമേ ആശയവിനിമയം സാധ്യമാകൂ. സാഹിത്യത്തില് അത് ഭാഷാവ്യവസ്ഥയാണ്. വ്യവസ്ഥ എന്നാല് ചിഹ്നവും അതിന്റെ മൂല്യം കൈവരിക്കുന്നത് എങ്ങനെയാണെന്ന ആലോചനയുമാണ്. ഒരു ചിഹ്നവും നേരിട്ട് ഒരു വസ്തുവിനെയും കുറിക്കുകയില്ല. ചിഹ്നം ഒരു വ്യവസ്ഥയുടെ ഭാഗമായിരുന്നാല് മാത്രമേ അത് സാധ്യമാകൂ. അതുകൊണ്ടുതന്നെയാണ് അവയുടെ പരസ്പരബന്ധം മുന്നിര്ത്തിയാണ് ചിഹ്നങ്ങള് മൂല്യം കൈവരിക്കുന്നത് എന്നു പറയാം. വ്യാകരണപരവും സങ്കേതബദ്ധവുമായി ഒരു വസ്തുവിനെക്കുറിച്ച് ജനങ്ങള്ക്കിടയിലുള്ള പൊതുധാരണയാണ് ഒരു വ്യവസ്ഥയെ നിര്മ്മിക്കുന്നത്. എഴുത്തുവ്യവസ്ഥ, ബധിരമൂകലിപി, പ്രതീകാത്മക ആചാരങ്ങള്, മിത്തുകള്, കൊടിയടയാളങ്ങള്, നിറങ്ങള്, സൈനികചിഹ്നങ്ങള്, ട്രാഫിക് സിഗ്നലുകള് സീബ്രാക്രോസുകള്, സൈറണുകള്, പ്രത്യേകതരം ഒച്ചകള്, രാഷ്ട്രീയ കക്ഷികളോ ജാതി - മത സംഘടനകളോ ഉപയോഗിക്കുന്ന അടയാളങ്ങള്, എസ് എം എസ് ഇമോജികള്, കമ്പനികളുടെയും മറ്റും ലോഗോകള് എന്നിവയെല്ലാം ഒരു ചിഹ്ന വ്യവസ്ഥയുടെ ഭാഗമായി നിന്നുകൊണ്ട് ആശയ നിര്വഹണം അഥവാ അര്ത്ഥ നിര്വ്വഹണം നടത്താറുണ്ട്. ആ വ്യവസ്ഥയെപ്പറ്റി ധാരണയുള്ള ഒരാള്ക്ക് മാത്രമേ കാര്യങ്ങള് മനസ്സിലാവൂ അല്ലെങ്കില് ആശയങ്ങള് മനസ്സിലാവൂ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

കുത്ത എന്നു ഹിന്ദിയിലും ഡോഗ് എന്നു ഇംഗ്ലീഷിലും ശ്വാനന് എന്നു സംസ്കൃതത്തിലും നായ് എന്നു തമിഴിലും പറയുന്നത് മലയാളത്തില് പട്ടി എന്നു പറയുന്ന ജീവിയെത്തന്നെയാണ്. മലയാളത്തിലെ പട്ടി എന്ന സംജ്ഞയ്ക്ക് തത്തുല്യമായ ഒട്ടനവധി സംജ്ഞകള് പലഭാഷകളിലായുണ്ട്. ഇതെല്ലാം ഒരേ ജീവിയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. പട്ടി എന്ന ചിഹ്നം ഹിന്ദി ഭാഷയോ ഇംഗ്ലീഷ്ഭാഷയോ തമിഴ്ഭാഷയോ കൈകാര്യം ചെയ്യുന്നവര്ക്ക് മനസ്സിലായി ക്കൊള്ളണം എന്നില്ല. ഇനി അഥവാ അവര്ക്ക് മനസ്സിലാകണമെങ്കില് മലയാള

ഭാഷയുടെ വ്യവസ്ഥ അവര് അറിഞ്ഞിരിക്കണം. അതായത്, മലയാള ഭാഷയുടെ ആന്തരിക വ്യവസ്ഥയും ബാഹ്യവ്യവസ്ഥയും അറിഞ്ഞിരുന്നാല് മാത്രമേ അവര്ക്ക് പട്ടി എന്ന സംജ്ഞകൊണ്ട് ഏതു ജീവിയെയാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാവുകയുള്ളൂ. അതുകൊണ്ടുതന്നെ ഒരു ഭാഷയിലെ ചിഹ്നത്തിന് ആ ഭാഷയില് മാത്രമേ പ്രസക്തിയുള്ളൂ എന്നു പറയാം. ഇതിനാണ് ഭാഷയുടെ സ്വേച്ഛാപരത എന്നു പറയുന്നത്. ചിഹ്നങ്ങളുടെ സ്വേച്ഛാപരതയ്ക്കു കാരണം ഓരോ സമൂഹത്തിലും അതത് ഭാഷയ്ക്കുള്ള സ്വാധീനമാണ്. ഓരോ ഭാഷയ്ക്കുള്ളിലും രൂഢമൂലമായിത്തീര്ന്ന സൂചകങ്ങളാണ് ഉപയോഗിക്കുന്നത്. അതിനെ മാറ്റിയെടുക്കാനാ വില്ല. ഓരോ സമൂഹത്തിന്റെയും ഉള്ളില് ആഴത്തില് വേരോടി നില്ക്കുന്ന 'ഒന്നാണ് ചിഹ്നങ്ങളുടെ സ്വേച്ഛാപരത്'[6] (The arbitariness of the Sign is a radical Concept because it establishes the autonomy of language in relation to reality) ഓരോ ഭാഷയ്ക്കും അതാതിടങ്ങളില് വേരുറച്ചു പോയ ചിഹ്നങ്ങളുണ്ട് എന്നതും ഓരോ ഭാഷയിലുമുള്ള സൂചക (വാക്ക്) ങ്ങള്ക്ക് മറ്റൊരു ഭാഷയിലെ സൂചിത (അര്ത്ഥം) വുമായി യാതൊരു വിധത്തിലുള്ള അടുപ്പവും ഇല്ലെന്നും ഉള്ളത് ഒരു യാഥാര്ത്ഥ്യമാണ്.

കൃതി ഒരു ചതുരംഗപ്പലകയാണെന്ന് സൊസ്യൂര് പറയുന്നു. ചതുരംഗക്കളിക്ക് ഒരു നിയമവ്യവസ്ഥയുണ്ട്. തേര്, കുതിര, കാലാള്, മന്ത്രി, രാജാവ് എന്നീ കരുക്കള് കൃത്യവും നീയതവുമായ നിയമങ്ങള്ക്ക് അനുസരിച്ചേ ചലിപ്പിക്കാവൂ. ഫുട്ബോള് കളിയില് ഒരു കളിക്കാരന് ഗോള് നേടുന്നതും മഞ്ഞക്കാര്ഡ് കണ്ട് താക്കീതു വാങ്ങുന്നതും ചുവപ്പ് കാര്ഡ് കണ്ട് പുറത്താകുന്നതും ഫുട്ബോള് കളിയിലെ നിയമങ്ങള്ക്ക് അനുസരിച്ചാണ്. ക്രിക്കറ്റ്, ടെന്നിസ് ബാറ്റ്മിന്റണ്, ചെസ്സ് എന്നിവയ്ക്കെല്ലാം ഇതേപോലത്തെ കളിനിയമങ്ങളുണ്ട്. ഇതുതന്നെയാണ് ഭാഷയുടെ കാര്യത്തിലും സംഭവിക്കുന്നത് ഭാഷയില് ചിഹ്നങ്ങളെ വിന്യസിക്കാന് അതതുഭാഷകളുടേതായ വ്യാകരണനിയമവും സങ്കേതബദ്ധതയും പാലിച്ചേ പറ്റൂ.

മോഹനകൃഷ്ണന് കാലടി
'കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ
അണ്ണു മാന്തിയെടിക്കുന്ന കൈകളില്
പന്തുപൊലൊന്നു കിട്ടിയാല് നിര്ത്തണേ
ഒന്നു കൂക്കിവിളിയിച്ചറിയിക്കണേ
പണ്ടു ഞങ്ങള് കുഴിച്ചിട്ടതൊന്നും
പന്തു കായ്ക്കും മരമായി വളര്ത്തുവാന്'

മോഹനകൃഷ്ണന് കാലടി എഴുതിയ 'പന്തുകായ്ക്കും കുന്ന്' എന്ന കവിതയിലെ ചിഹ്നങ്ങള് ഏതൊക്കെയെന്ന് നോക്കാം. ശീര്ഷകചിഹ്നത്തില് തന്നെ പന്ത്, കായിക്കുക, കുന്ന് എന്നീ ചിഹ്നങ്ങള് കാണാം. ശൈശവസഹജമോ ബാല്യസഹജമോ ആയ കൗതുകത്തെ യാണ് ശീര്ഷകം പ്രതിനിധീകരിക്കുന്നത് എന്ന് ആദ്യം തോന്നും. അല്ലെങ്കില് അതാണ് അതിന്റെ അഭിധാര്ത്ഥം എന്നു വേണമെങ്കിലും പറയാം. പന്ത് കിളിര്ത്തുവരുന്ന മരങ്ങള് നിറഞ്ഞ ഒരു കുന്ന് കുട്ടിക്കാല സ്വപ്നങ്ങളെ നിറം ചാര്ത്തുന്ന ഒന്നാണല്ലോ. എന്നാല് അതിനുമപ്പുറത്ത് മനസ്സില് താലോലിക്കുന്ന ഒരു പ്രതീക്ഷയും അഭിലാഷവുമായി പന്തുകായ്ക്കും കുന്ന് പരിണമിക്കുന്നു. പിന്നീട് അത് പ്രകൃതി ചൂഷണത്തിന് എതിരായ പ്രതിഷേധമെന്നോ പ്രതിരോധമെന്നോ വിളിക്കാവുന്ന ശബ്ദമായി പരിണമിക്കുന്നു.

ഇനി കവിതയുടെ വരികളിലേക്ക് വരാം. കുന്നിടിച്ചു നിരത്തുന്ന യന്ത്രമേ എന്ന വരിയില് കുന്നും കുന്നിടിച്ചു നിരത്തുന്ന യന്ത്രവും ചിഹ്നങ്ങളായി വിന്യസിക്കപ്പെട്ടിരിക്കുന്നു.

ഭൂമിയുടെ നിലനില്പ്പ് തന്നെ കുന്നുകളും നദികളും അവലംബിച്ചുള്ളതാണ്. ഇവയെ ഇടിച്ചു നിരത്തുന്ന യന്ത്രം മനുഷ്യന് നടത്തുന്ന പ്രകൃതിധ്വംസനമെന്ന സൂചിതത്തെ നല്കുന്നു. തൊട്ടടുത്ത വരിയില് പറയുന്നത് മണ്ണുമാന്തിയെടുക്കുന്ന കൈകള് എന്നാണ്. മണ്ണ്, മണ്ണു മാന്തിയെടുക്കുന്ന കൈകള് എന്നീ ചിഹ്നങ്ങള് ഭൂമിയുടെ അടിത്തറ തോണ്ടി യെടുത്ത് അതിന്റെ അസ്തിത്വം നശിപ്പിക്കുന്ന പരിഷ്കൃത മനുഷ്യന്റെ പരിസ്ഥിതി ചൂഷണത്തെ പ്രതിനിധീകരിക്കുന്നു. പുരോഗമനത്തിന്റെ ഹിമാലയം കടക്കുന്ന മനുഷ്യന് കാല്ച്ചുവട്ടിലെ മണ്ണുപോലും നശിപ്പിക്കുന്ന പരിഷ്കൃതനായി മാറിക്കഴിഞ്ഞുവെന്ന സൂചിത മാണിവിടെയുള്ളത്. പന്തു പോലൊന്നു കിട്ടിയാല് നിര്ത്തണേ... എന്ന വരിയിലുള്ളത് വെറുമൊരു കൗതുകത്തിനായല്ല ഏറെ പ്രതീക്ഷയോടെ കുഴിച്ചിട്ട പന്താണ് മുഖ്യചിഹ്നം സഫലീകരിക്കാനാവാതെ പോയ കുട്ടികളുടെ മോഹവും മോഹഭംഗവും ഇവിടെ കാണാം. ഒന്നു കൂക്കിവിളിച്ചറിയിക്കണേ പണ്ടു ഞങ്ങള് കുഴിച്ചിട്ടതാണെടോ പന്തുകായ്ക്കും മരമായി വളരുവാന് എന്നു പറയുന്നിടത്ത് ഇനിയും പ്രതീക്ഷ കൈവെടിയാത്ത ശൈശവബാല്യ ങ്ങളുടെ പ്രതീക്ഷയാണുള്ളത്. കുഴിച്ചിട്ട പന്ത് കിട്ടിയാല് മണ്ണുമാന്തുന്ന യന്ത്രം അതിന്റെ പണി നിര്ത്തണ്ടേയെന്നും കുട്ടികളെപ്പോലെ കൂക്കിവിളിച്ച് അറിയിക്കണേ എന്നും പിന്നെ കുന്നിടിക്കല്ലേ എന്നുമുള്ള സൂചിതമാണ് അവിടെയുള്ളത്. മണ്ണിനോടും മനുഷ്യനോടുമുള്ള കരുതല് എന്ന ആശയത്തിലേക്ക് കവിത ചെന്നെത്തുന്നതും അങ്ങനെയാണ്.

സഫലീകരിക്കാനാവാതെ പോയ മോഹങ്ങള് സഫലമാക്കുന്നത് വെറും കൗതുകത്തിന് വേണ്ടിയല്ല. എനിക്കും നിനക്കും ഈ ഭൂമിപ്രപഞ്ചത്തിനും ജനിച്ചവര്ക്കും ജനിക്കാനിരിക്കുന്നവര്ക്കും വേണ്ടിയാണ് എന്ന ആശയത്തെ ഈ കവിത പ്രതിനിധാനം ചെയ്യുന്നു. പരിസ്ഥിതിക്കവിത എന്ന ലേബലിനപ്പുറം ജീവന്റെ കവിതയായി പ്രാണന്റെ കവിതയായി. ജീവിതത്തിന്റെ കവിതയായി പന്തുകായിക്കും കുന്ന് പരിണമിക്കുന്നത് അങ്ങനെയാണ്.

## കുറിപ്പുകള്

1. 1Saussure Ferdinand de, Course In General Linguistics, Page 16
2. Chandler Daniel, Semiotics the basics, page 12
3. Saussure ferdinand De, Course in General Linguistics
4. Innis E Robert, semiotics: An Introductory Anthology, Page 5
5. Chandler Daniel, semiotics the basics, Page 28

## ഗ്രന്ഥസൂചി

### മലയാളം


1. അച്യുതന് എം, പാശ്ചാത്യ സാഹിത്യ ദര്ശനം, ഡി സി ബുക്ക്സ്, കോട്ടയം, 2000
2. അരുണ് ജെ ജി, ചിഹ്നശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, വരരുചി പബ്ലിക്കേ ഷന്സ്, കോട്ടയം, 2018
3. തരകന് കെ എം, പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം, ഡി സി, ബുക്ക്സ്, കോട്ടയം, 1998.
4. നെല്ലിക്കല് മുരളീധരന്, വിശ്വസാഹിത്യദര്ശനങ്ങള്, ഡി സി ബുക്ക്സ്, കോട്ടയം, 1997
5. വ്യാഴവട്ടം സാഹിത്യക്കൂട്ടായ്മ, നവസാഹിത്യദര്ശനങ്ങള് സിദ്ധാന്തവും പ്രയോഗവും, ഇന്ത്യ ബുക്ക്സ് തിരുവനന്തപുരം 2009
6. സോമദാസന് ഏറ്റുമാനൂര്, വിമര്ശവിവേകം, കേരള സാഹിത്യ അക്കാദമി, തൃശൂര്, 2011
7. കെ.എം തരകന്, പാശ്ചാത്യ സാഹിത്യശാസ്ത്രം, ഡിസി ബുക്ക്സ്, കോട്ടയം, 2000
8. ഏറ്റുമാനൂര് സോമദാസന് വിമര്ശനവിവേകം, കേരള സാഹിത്യ അക്കാഡമി, 2011
9. വ്യാഴവട്ടം സാഹിത്യക്കൂട്ടായ്മ, നവസാഹിത്യദര്ശനങ്ങള് സിദ്ദാന്തവും പ്രയോഗവും, ഇന്ത്യ ബുക്ക്സ്, തിരുവനന്തപുരം, 2009
10. അരുണ് കെ.ജി, ചിഹ്നശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, വരരുചി പബ്ലിക്കേഷന്സ്, കോട്ടയം, 2019
11. മോഹനകൃഷ്ണന് കാലടി, പന്തുകായിക്കും കുന്ന്, ഡിസി ബുക്ക്സ്, കോട്ടയം, 2022


### ഇംഗ്ലീഷ്


1. Chandler Daniel, Semiotics the Basics' Routledge 2003
2. Eco umberto, A theory of Semiotics / Midland Book Edition 1979
3. Innis E Robert (Ed) Semiotics: An Intoductory Anthology, Hutchinson, 1986
4. Saussure Ferdinand De, course in General Linguistics 'Peterowen London 1964